

**□ നേർച്ചയുണ്ണുന്ന ബാല്യം: ദൈവദാസൻ മാർ തോമസ് കുര്യാളശേരിയുടെ ചരമദിനത്തിൽ ചങ്ങനാശേരി സെൻറ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ നടന്ന ശ്രാദ്ധ സദ്യയിൽനിന്ന്. ○ മനോരമ**

# ദൈവദാസ സ്മരണയിൽ ഭക്തിയുടെ നേർച്ചവിളമ്പ്

ചങ്ങനാശേരി: ദൈവത്തോടു വിശ്വസ്തത പുലർത്തുന്ന എല്ലാവരും ദൈവത്തിൻെറ പ്രിയപ്പെട്ട ഭാസരാവുമെന്ന് ആർച്ച്ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ പറഞ്ഞു. ആർദ്ര സ്നേഹത്തിൻെറ പ്രവാചകൻ ദൈവദാസൻ തോമസ് കുര്യാളശേരിയുടെ ചരമവാർഷിക ദിനത്തിൽ മെത്രാപ്പോലീത്തൻ പള്ളിയിൽ ദിവ്യബലിക്കു കാർമികത്വം വഹിക്കുകയായിരുന്നു ബിഷപ്പ്.

രൂപതയുടെ പ്രഥമ മെത്രാനും ആരാധനാ സന്യാസിനീ സമൂഹ സ്ഥാപകനും സ്ത്രീ വിദ്യാഭ്യാസ വിചക്ഷണനും സഭൈക്യത്തിൻെറ പ്രവാചകനും നീതി നിഷേധിക്കപ്പെട്ടവരുടെ വക്താവുമായിരുന്ന ദൈവദാസൻ തോമസ് കുര്യാളശേരിയുടെ ലഘു ജീവചരിത്രവും ബിഷപ്പ് അനുസ്മരിച്ചു.

ദിവ്യകാരുണ്യ ഉപാസകനായ ക്രിസ്തു ശിഷ്യൻെറ 71-ാം ചരമവാർഷിക ദിനത്തിൽ പള്ളിയിൽ നടന്ന ദിവ്യബലിയിലും സമൂഹബലിയിലും നേർച്ചവിളമ്പിലും പങ്കെടുത്ത ആയിരക്കണക്കിനു വിശ്വാസികൾ ആ ആധ്യാത്മിക ചൈതന്യത്തിൻെറ സ്മരണ പുതുക്കി. ഇടവകാംഗങ്ങൾക്കു പുറമേ നൂറുകണക്കിനു വിശ്വാസികളും കന്യാസ്ത്രീകളും ചടങ്ങുകളിൽ പങ്കുകൊണ്ടു.

ദിവ്യബലിക്കുശേഷം നടന്ന സമൂഹബലിയിൽ ജലന്തർ രൂപതാധ്യക്ഷൻ റവ. ഡോ. സിംഫോരിയൻ കീപ്രത്ത് പ്രധാന കാർമികത്വം വഹിച്ചു. സുപ്പീരിയർ ജനറൽ റവ. ഡോ. തോമസ് ഇലവനാൽ പ്രസംഗിച്ചു. കല്ലൂർക്കാട് ഇടവകയിലെ വൈദികർ നേതൃത്വം നൽകി.

തുടർന്നു കത്തീഡ്രൽ പാരിഷ് ഹാളിൽ നേർച്ചവിളമ്പു നടത്തി. ജലന്തർ രൂപതാധ്യക്ഷൻ ആശീർവദിച്ചു. 2500-ഓളം ഭക്തജനങ്ങൾ പങ്കെടുത്തു. ഉച്ചയ്ക്കുശേഷം നടന്ന കുർബാനയുടെ പരസ്യാരാധന ഫാ. തോമസ് പ്ലാപ്പറമ്പിൽ നയിച്ചു. ചരമവാർഷിക ദിനത്തിൽ നേർച്ചവിളമ്പു നടത്തുന്നത് ഇതാദ്യമാണ്.

ദൈവദാസൻ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കപ്പെടുന്നതിന് ഇനിയും ഒരത്ഭുതം കൂടിയേ ആവശ്യമുള്ളൂവെന്നു പോസ്റ്റുലേറ്റർ ഫാ. ലൂക്കാസ് വിത്തുവട്ടിക്കൽ, ട്രസ്റ്റി തോമസ് ജോസഫ് നെടിയകാലപ്പറമ്പിൽ എന്നിവർ അറിയിച്ചു. ദൈവദാസൻ അഭ്യസിച്ചിരുന്ന വീരോചിത സുകൃതങ്ങളെ പരാമർശിച്ച പ്രബന്ധം മാർപാപ്പാ അംഗീകരിക്കുന്നതോടെ പ്രഖ്യാപനം ഉണ്ടാകും.